LIBRARY ARCHIVES Kerala Legislative Assembly

**വ്യവസായ സംരംഭങ്ങൾക്ക് ശ്രപം കൊടുക്കുന്ന നടപടി**

222 (2460) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങൾക്ക് ശ്രപം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ചെറുകിട മേഖലയിൽ ആരംഭിക്കുന്നതിനും അതിന് ബൃഹത്തായ രീതിയിൽ മാർക്കറ്റുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല എന്ന പരാതിയിന്മേലുള്ള നിലപാട് അറിയിക്കുമോ ;

(സി) ഇത്തരത്തിലുള്ള വ്യവസായ സംരംഭങ്ങൾ വ്യവസായവകുപ്പിന് കീഴിൽ തന്നെ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരു ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കൃഷി, വ്യവസായ വകുപ്പുകൾക്കുകീഴിൽ കാർഷിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്മാൾ ഫാർമേഴ്സ് അഗ്രോ ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) എന്ന സ്ഥാപനം മുഖേന ചെയ്തുവരുന്നു. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് പ്രോത്സാഹനവും ധനസഹായവും എസ്.എഫ്.എ.സി. നൽകുന്നുണ്ട്. നാളികേരാധിഷ്ഠിതമായ ഏഴ് വ്യവസായങ്ങൾക്കായി 79,97,600 ശ്രപയും, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ അടിസ്ഥാനമാക്കിയുള്ള 15 വ്യവസായ സംരംഭങ്ങൾക്ക് 45,41,042 ശ്രപയും ഇതിനകം എസ്.എഫ്.എ.സി. മുഖേന ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും വിപണനമേളകളിലും സംരംഭകരുടെ ഉല്പന്നങ്ങൾ

പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അതിലൂടെ ഉല്പന്നങ്ങൾക്ക് വേണ്ടത്ര പ്രചാരണം നൽകുന്നതിനുമുള്ള അവസരങ്ങൾ ഇപ്പോൾ നൽകി വരുന്നു. സംസ്ഥാനത്ത് കാർഷിക മേഖലയിൽ വികസന സാധ്യതകൾ വളർത്തുന്നതിനായി കേരള സർക്കാർ "BIOFACH- Global Agromeet 2014" 2014 നവംബറിൽ കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. കാർഷികമേഖലയിലധിഷ്ഠിതമായി സെമിനാറുകളും, എക്സിബിഷനുകളും ഈ പരിപാടിയുടെ ഭാഗമായി നടത്തുകയുണ്ടായി.

## മലബാർ സിമന്റ്സ് ഉറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

223 (2461) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ സിമന്റ്സ് പള്ളിപ്പുറം യൂണിറ്റ് ഉറന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ; ഈ കമ്പനി എന്ന് ഉറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മലബാർ സിമന്റ്സിന്റെ പ്രവർത്തിക്കാതെ കിടക്കുന്ന പള്ളിപ്പുറം യൂണിറ്റ് ഉറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ നടന്നുവരുന്നു. കുറേക്കാലമായി പ്രവർത്തിക്കാതിരുന്നതിനാൽ വേണ്ടി വരുന്ന അറ്റകുറ്റപ്പണികളും അനുബന്ധ ജോലികളും പൂർത്തിയായിവരുന്നു. പള്ളിപ്പുറം പ്ലാന്റിൽ ജീവനക്കാരുടെ അഭാവംമൂലം വാളയാർ പ്ലാന്റിലുള്ളവരുടെ സേവനം ഇതിനായി ഉപയോഗിച്ചുവരുന്നു. യൂണിറ്റ് ഉറന്ന പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ക്ലിങ്കർ, ജിപ്സം, ഫ്ലൈ ആഷ് മുതലായവ അടിയന്തരമായി പ്ലാന്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. 2015 ആരംഭത്തോടെ യൂണിറ്റ് പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുള്ള തൊഴിൽദിനങ്ങൾ

**224 (2462)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എത്ര തൊഴിൽദിനങ്ങൾ നൽകി എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly